**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇകെഎം) 491/2017-ന്മേലുള്ള 07.08.2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.274/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 30.01.2018

================================================================================

പരാമർശം: 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീ ട്രൈബ്യൂണലിന്റെ ഒ.എ(ഇകെഎം) 572/15-ന്മേലുള്ള 23.06.2015-ലെ വിധിന്യായം

2. 10.08.2016-ലെ 54752/ഇപിബി3/2014/തസ്വഭവ നമ്പർ കത്ത്

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇകെഎം) 491/17-ന്മേലുള്ള 07.08.2017-ലെ വിധിന്യായം

4. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2018 ലെ ഡി7-48652/14 നമ്പർ കത്ത്

**ഉത്തരവ്**

ദേശമംഗലം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി വഴി വാങ്ങിയ 231.750 സെന്റ് ഭൂമിയിൽ 14.77 സെന്റ് കുറവുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് കുറവു വന്ന ഭൂമിയുടെ വിലയായ 2,21,500/- രൂപ ഉത്തരവാദികളായ ദേശമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.എസ്.ഹരി, വില്ലേജ് ഓഫീസർ ശ്രീ. എം.സി. സുരേഷ് കുമാർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശം നല്കി ബഹു. വിജിലൻസ് കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽത്തന്നെ ടിയാളുകളിൽ നിന്നും 1,10,775/- രൂപ വീതം ഈടാക്കുന്നതിന് തൃശ്ശൂർ ജില്ലാകളക്ടറും നിർദ്ദേശം നല്കിയിരുന്നു. ആയതിനെതിരെ ശ്രീ. ഹരി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 572/15-ന്മേൽ ബഹു. ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കളക്ടറുടെ നിർദ്ദേശം സ്റ്റേ ചെയ്യുകയും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ ആക്ഷേപം ഫയൽ ചെയ്യുവാൻ ശ്രീ.ഹരിക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.എസ്.ഹരിയിൽ നിന്നും 1,10,775/- രൂപ ഈടാക്കുവാൻ പരാമർശം (2) പ്രകാരം നിർദ്ദേശം നല്കുകയുണ്ടായി. ഇതിനെതിരെ ശ്രീ.ഹരി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 491/2017 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടിയാനെതിരായ റിക്കവറി നടപടി റദ്ദാക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി.

ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ഭൂമി വാങ്ങിയതിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന പരാമർശങ്ങളൊന്നും ബന്ധപ്പെട്ട റിപ്പോർട്ടുകളിൽ ഇല്ലായെന്നും ഭൂമിയുടെ അളവിലെ കുറവ് മാത്രമാണ് അപാകതയായി

ചൂണ്ടിക്കാണിച്ചിരിക്കുന്നത് എന്നും റവന്യൂ അധികാരികൾ തയ്യാറാക്കി നല്കിയ രേഖകൾ, ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ ക്ലിയർ ടൈറ്റിൽ സർട്ടിഫിക്കേറ്റ്, റവന്യൂ അധികാരികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, പഞ്ചായത്ത് ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ദേശമംഗലം വില്ലേജ് ഓഫീസർ അളന്നു തിട്ടപ്പെടുത്തിയത് പ്രകാരമുള്ള ഭൂമിയാണ് വാങ്ങിയതെന്നും, ഭൂമി, ഭൂമിയുടെ തരം, അളവ് എന്നീ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലായെന്നും റവന്യൂ വകുപ്പ് അധികാരികളെ പൂർണ്ണമായും ആശ്രയിച്ച് ആയത് പ്രകാരമാണ് ഭൂമി വാങ്ങിയിട്ടുള്ളതെന്ന ശ്രീ.ഹരിയുടെ വാദവും പരിഗണിക്കപ്പെടേണ്ടതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശമംഗലം വില്ലേജ് ഓഫീസർ അളന്നു തിട്ടപ്പെടുത്തിയത് പ്രകാരമുള്ള ഭൂമിയാണ് വാങ്ങിയതെന്നും, ഭൂമി, ഭൂമിയുടെ തരം, അളവ് എന്നീ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലായെന്നും റവന്യൂ വകുപ്പ് അധികാരികളെ പൂർണ്ണമായും ആശ്രയിച്ച് ആയത് പ്രകാരമാണ് ഭൂമി വാങ്ങിയിട്ടുള്ളതെന്ന ശ്രീ. ഹരിയുടെ വാദം അംഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (2) ലെ തുക തിരിച്ചു പിടിക്കാനുള്ള നിർദ്ദേശം റദ്ദാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സി.എസ്. ഹരി, മുൻ സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/57/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ